I/5989424/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/423/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-12-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണസ്ഥാപനങ്ങൾ വയോജന ക്ഷേമ പ്രോജക്റ്റുകൾ തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. ബഹു. പുതുക്കാട് എം.എൽ.എയുടെ 17.07.2023 ലെ കത്തും കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി (തണൽ) സെക്രട്ടറിയുടെ 30.06.2023 ലെ കത്തും
4. ബഹു. ത സ്വ ഭ വകുപ്പ് മന്ത്രി അധ്യക്ഷനായ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.34

***********************

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക വകയിരുത്തി വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് സൂചന (1), (2) മാർഗ്ഗരേഖകൾ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ വയോജന നയത്തിനും മാർഗ നിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രോജക്റ്റുകളാണ് വയോജനക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത്.

ഇപ്രകാരം, മാറ്റിവയ്ക്കുന്ന തുക ഉപയോഗിച്ച് പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ സംഘടനകളുമായി ചർച്ച ചെയ്തു തീരുമാനമെടുക്കണമെന്ന് സൂചന (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

നിലവിലുള്ള മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പ്രകാരം വയോജനക്ഷേമ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സീനിയർ സിറ്റിസൺ സംഘടനകളുമായി ചർച്ച ചെയ്യുന്ന രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇത്തരം ചർച്ചകൾ സംഘടിപ്പിക്കുന്നതിന് ജില്ലാ ആസൂത്രണസമിതി മുൻകൈ എടുക്കണം.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. സെക്രട്ടറി, കൊടകര ബ്ലോക്ക് പഞ്ചായത്ത് സീനിയർ സിറ്റിസൺസ് വെൽഫെയർ സൊസൈറ്റി
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 18-12-2023 11:26:20

സെക്ഷൻ ഓഫീസർ.